"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - സംസ്ഥാന സർക്കാരിന്റെ കീഴിൽ വരുന്ന ഓഫീസുകളിലും അനുബന്ധ കെട്ടിടങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ടെൻഡർ ക്ഷണിയ്ക്കാതെ കീടനശീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ സേവനം വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.395/2023/AGRI തീയതി,തിരുവനന്തപുരം, 27-04-2023**

---

പരാമർശം:- 1. 21.11.2017-ലെ സ.ഉ(ആർ.ടി) നം.1125/2017/കൃഷി നമ്പർ സർക്കാർ ഉത്തരവ്.

2. സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 18.05.2022-ലെ KSWC/CHN/PCW/2022-23 നമ്പർ കത്ത്.

3. കേരള കാർഷിക സർവകലാശാല രജിസ്ട്രാറുടെ 22.09.2022-ലെ ജിഎ/ഡി2/15074/22 നമ്പർ കത്ത്.

4. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 27.12.2022-ലെ ADFW/12141/2022-TQ1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാരിന്റെ എല്ലാ വകുപ്പുകളുടെയും കീഴിൽ വരുന്ന ഓഫീസുകളിലും അനുബന്ധ കെട്ടിടങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ടെൻഡർ ക്ഷണിയ്ക്കാതെ കീടനശീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന സർക്കാരിന്റെ കീഴിൽ വരുന്ന ഓഫീസുകളിലും അനുബന്ധ കെട്ടിടങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ടെൻഡർ ക്ഷണിയ്ക്കാതെ കീടനശീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്, കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷന്റെ സേവനം വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:

- നിലവിലെ ചട്ടങ്ങൾക്ക് വിധേയമായി ലൈസൻസ് പ്രകാരം അനുവദനീയമായ കീടനാശിനികൾ ഉപയോഗിക്കുക.
- ഓപ്പറേറ്റർമാർക്ക് ഫ്യൂമിഗേഷൻ സംബന്ധിച്ച് നിഷ്കർഷിച്ചിട്ടുള്ള പരിശീലനം നൽകുക.

- ഓരോ സേവനത്തിനുമുള്ള നിരക്കുകൾ പ്രവർത്തനം നടത്തപ്പെടുന്ന സ്ഥലത്തിനനുസൃതമായി വ്യക്തമാക്കുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
V L BEENA
ഡെപ്യൂട്ടിസെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ, എറണാകുളം.
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ്) തിരുവനന്തപുരം
വിവരപൊതുജന സമ്പർക്ക വകുപ്പ്(പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി [*ഫയൽ നം.AGRI-NCA3/252/2022-AGRI*].

ഉത്തരവിൻ പ്രകാരം
Signed by
Archana.b.p
Date: 28-04-2023 10:46:23
സെക്ഷൻ ഓഫീസർ